# കേരള സർക്കാർ
## ജലവിഭവ വകുപ്പ് (ചെറുകിട ജലസേചന വിഭാഗം)
## ദർഘാസ് പരസ്യം

നമ്പർ: ഡി1.ടി.എൻ.41/2006 തീയ്യതി:18.01.2018

കേരള ഗവർണർക്കുവേണ്ടി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചീനിയർ, ചെറുകിട ജലസേചന ഉപവിഭാഗം, കാസറഗോഡ് താഴെപ്പറയുന്ന പ്രവൃത്തികൾക്ക് (ക്രമ നം.1 & 2) **07.02.2018** ഉച്ചക്ക് ശേഷം **3** മണി വരെ നിശ്ചിത യോഗ്യതയുള്ള (ഡി ക്ലാസ്സിലോ അതിനു മുകളിലോ രജിസ്റ്റർ ചെയ്തിട്ടുള്ള) ഈ വകുപ്പിലെ കരാറുകാരിൽ നിന്നും (പൊതുമരാമത്ത് വകുപ്പിലെ എ. യും ബി. യും ക്ലാസുള്ള കരാറുകാരിൽ നിന്നും) അന്യോന്യം കൈമാറ്റം പാടില്ലാത്തതുമായ ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

പ്രസ്തുത ദിവസം **3.30** മണിക്ക് അസി. എക്സിക്യൂട്ടിവ് എഞ്ചിനീയറോ അദ്ദേഹം അധികാരപ്പെടുത്തിയ മറ്റു ഉദ്യോഗസ്ഥരോ അപ്പോൾ ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ ദർഘാസുകൾ തുറന്നു പരിശോധിക്കുന്നതാണ്. ഏതെങ്കിലും കാരണത്താൽ പ്രസ്തുതദിവസം അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തിദിവസം നിശ്ചിത സമയങ്ങളിൽ ദർഘാസുകൾ സ്വീകരിക്കുന്നതും തുറന്നു പരിശോധിക്കുന്നതുമാണ്.

ദർഘാസുകൾ പ്രവൃത്തിയുടെ പേർ ആലേഖനം ചെയ്തിട്ടുള്ള മുദ്രവച്ച കവറുകളിൽ രജിസ്ട്രേർഡ് തപാൽ/സ്പീഡ് പോസ്റ്റ് മുഖേന സമർപ്പിക്കേണ്ടതാണ്. (NB: സ്വകാര്യ കുറിയർ വഴി അയക്കുന്ന ദർഘാസുകൾ സ്വീകരിക്കുന്നതല്ല) തപാലിൽ ഉണ്ടാകുന്ന കാലതാമസങ്ങൾക്ക് ഈ വകുപ്പ് ഉത്തരവാദിയായിരിക്കുന്നതല്ല. ദർഘാസിന്റെ കാലാവധി അതു സ്വീകരിക്കുന്ന അവസാന തീയ്യതി മുതൽ രണ്ട്മാസം വരെ ആയിരിക്കും.

ക്രമനമ്പർ, ദർഘാസ് നമ്പർ, പ്രവൃത്തിയുടെ പേര്, അടങ്കൽ തുക, നിരതദ്രവ്യം, കാലാവധി, ടെണ്ടർ ഫോറത്തിന്റെ വില എന്നീ ക്രമത്തിൽ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ദർഘാസ് നമ്പർ | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക | നിരത ദ്രവ്യം | പ്രവൃത്തി പൂർത്തികരിക്കേണ്ട കാലാവധി | ടെണ്ടർ ഫോം വില |
|---|---|---|---|---|---|---|
| 1. | 8/2017-18 | ഹരിതകേരളം-2017-18 കാസറഗോഡ് മുനിസിപ്പാലിറ്റിയിലെ കൊറക്കോട് കുളത്തിന്റെ പുനരുദ്ധാരണ പ്രവൃത്തി | 78,813/- രൂപ | 2000/- രൂപ | 1 മാസം | 500 + ജി. എസ്.ടി. |
| 2. | 9/2017-18 | ഹരിതകേരളം-2017-18 കാസറഗോഡ് മുനിസിപ്പാലിറ്റിയിലെ ഹൊണ്ണമൂല കുളത്തിന്റെ പുനരുദ്ധാരണ പ്രവൃത്തി | 83,624/- രൂപ | 2100/- രൂപ | 1 മാസം | 500 + ജി. എസ്.ടി. |

ദർഘാസ് പ്രമാണങ്ങളും മറ്റു വിവരങ്ങളും ഈ കാര്യാലയത്തിൽനിന്ന് **01.02.2018 മുതൽ 05.02.2018 ഉച്ചക്ക് 1 മണി** വരെ ദർഘാസ് ഫോറത്തിന്റെ വില **0702–01–800–97–Other Receipts** എന്ന ശീർഷകത്തിൽ സെയിൽസ് ടാക്സ് സഹിതം ട്രഷറിയിൽ അടച്ച് ചലാനുകൾ അപേക്ഷയോടൊപ്പം രേഖാമൂലം സമർപ്പിച്ചാൽ ലഭിക്കുന്നതാണ്. ദർഘാസിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന കരാറുകാർ (ലേബർ കോൺട്രാക്ട് സൊസൈറ്റി ഉൾപ്പെടെ) അവരുടെ കോൺട്രാക്ട് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ ഒറിജിനൽ ഹാജരാക്കേണ്ടതാണ്. ലേബർ കോൺട്രാക്ട് സൊസൈറ്റികൾ അവർ ഏറ്റെടുത്തിരിക്കുന്ന പണികളുടെ ആകെ അടങ്കൽ തുകയും സർട്ടിഫിക്കറ്റും അതാത് രജിസ്ട്രാറിൽ നിന്നും വാങ്ങി ദർഘാസ് ഫോറത്തിനുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനു ശേഷം ലഭിക്കുന്നതും ആവശ്യമായ നിരതദ്രവ്യം കെട്ടിവെയ്ക്കാത്തതുമായ ദർഘാസുകൾ നിരസിക്കുന്നതുമാണ്.

ദർഘാസിനൊപ്പം കരാറുകാർ 200/- (ഇരുന്നൂറ്) രൂപയുടെ മുദ്രപ്പത്രത്തിൽ പ്രാഥമിക ഉടമ്പടി ടൈപ്പ് ചെയ്ത് സമർപ്പിക്കേണ്ടതാണ്. കേരള കെട്ടിട നികുതി ക്ഷേമ നിധിയിലേക്കുള്ള രജിസ്ട്രേഷൻ ഫീസ് അടച്ച കരാറുകാർക്ക് മാത്രമേ ദർഘാസ് ഫോറങ്ങൾ ലഭിക്കുകയുള്ളൂ. മേൽപ്പറഞ്ഞ വ്യവസ്ഥകൾ പാലിക്കാത്തതും നേരിട്ട് സമർപ്പിക്കുന്നതുമായ ദർഘാസുകൾ സ്വീകരിക്കുന്നതല്ല. കേരള ജലസേചന വകുപ്പിൽ ദർഘാസുകളെ സംബന്ധിച്ച് നിലവിലുള്ള എല്ലാ ചട്ടങ്ങളും നിബന്ധനകളും ഈ ദർഘാസിനും ബാധകമായിരിക്കുന്നതാണ്.

**അസി. എക്സി എഞ്ചിനിയരുടെ കാര്യാലയം,**
**ചെറുകിട ജലസേചന ഉപവിഭാഗം.**
കാസറഗോഡ്

**സഞ്ജീവ് പി ടി**

**തീയ്യതി:18.01.2018**

**അസി: എക്സി. എഞ്ചിനീയർ**
**(കേരള ഗവർണർക്കു വേണ്ടി)**

പകർപ്പ്:-

1) **കാസർഗോഡ് മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അറിവിലേക്കായി സമർപ്പിക്കുന്നു.**
2) **കാസറഗോഡ് എം.ഐ. സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ അറിവിലേക്കായി അയക്കുന്നു.**
3) **ഈ കാര്യാലയത്തിലെ ഹെഡ് ക്ലർക്കിന്**
4) **നോട്ടീസ് ബോർഡ്**
5) **ഫയൽ**